# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 282 | 29.06.2016 - ലെ മറുപടിക്ക്

**ചോദ്യം** | **ഉത്തരം**

ശ്രീ. കെ. ദാസൻ | ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സംസ്ഥാന ഖജനാവിന്റെ സ്ഥിതി**

| | | |
|---|---|---|
| എ | ഈ സർക്കാർ അധികാര മേൽക്കുമ്പോൾ സംസ്ഥാന ഖജനാവിന്റെ സ്ഥിതി എന്തായിരുന്നുവെന്ന് വിശദമാക്കാമോ; | ഈ സർക്കാർ ചുമതലയേറ്റ 25.05.2016 - ൽ ഓപ്പണിംഗ് ബാലൻസായി 1009.30 കോടി രൂപ ട്രഷറി ബില്ലിൽ നിക്ഷേപമായുണ്ടായിരുന്നു. എന്നാൽ 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശിക (1000 കോടിയിൽപ്പരം രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (2000 കോടി), കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിങ്ങിന് ബാങ്കിനും നൽകേണ്ടത് (1600 കോടി) എന്നിവയുൾപ്പെടെ 4600 കോടിയില്പരം രൂപ അടിയന്തിരമായി കൊടുത്തുതീർക്കാനുള്ള ബാധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി രൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ഈ സമയത്തെ അടിയന്തിര ബാധ്യത 5965 കോടിയില്പരം രൂപ വരും. |
| ബി | മുൻ സർക്കാരിന്റെ കാലത്ത് അവശ വിഭാഗങ്ങൾക്കുള്ള ക്ഷേമപെൻഷനുകൾ പലതും മാസങ്ങൾ കുടിശ്ശികയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്ഷേമ പെൻഷനുകൾ ഓരോന്നും നിലവിൽ എത്ര മാസത്തേക്ക് കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക 2014 ഒക്ടോബർ മുതൽ 2014 ഡിസംബർ വരെയാണ്. മറ്റ് ക്ഷേമ പെൻഷനുകളായ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവയുടെ കുടിശ്ശിക 2014 ഒക്ടോബർ മുതൽ 2015 ജനുവരി വരെയാണ്.<br>2015 ഫെബ്രുവരി മുതൽ ഡി.ബി.ടി. മുഖാന്തിരം ക്ഷേമപെൻഷൻ വിതരണം ചെയ്ത് തുടങ്ങുന്നതിനു മുമ്പ് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യത്യസ്ത കാലയളവുകൾ അടിസ്ഥാനമാക്കിയാണ് തുക വിതരണം ചെയ്തിരുന്നത് എന്നതിനാലും, സംസ്ഥാനത്താകെ നടപ്പാക്കിയ സമ്പൂർണ്ണ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ |

| | | |
|---|---|---|
| | | അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതിൽ കാലതാമസം ഉണ്ടായതിനാലും ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മേൽ സൂചിപ്പിച്ച കാലയളവിനേക്കാളും കുടിശ്ശികയുണ്ടായിട്ടുണ്ട്. മൊത്തം കുടിശ്ശിക 1000 കോടിയാണെന്ന് കണക്കാക്കിയിട്ടുണ്ട്. |
| സി | ക്ഷേമപെൻഷനുകൾ അടിയന്തിരമായി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ? | ക്ഷേമപെൻഷനുകൾ അടിയന്തിരമായി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ